(സി) അഡ്വാൻസ് ഇൻക്രിമെന്റ് നിറുത്തലാക്കിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചത്, ബന്ധപ്പെട്ട ജീവനക്കാർക്ക് അവരുടെ വാദഗതികൾ ഉന്നയിക്കുവാൻ അവസരം നൽകാതെയാണ് എന്ന കാരണത്താൽ, കോടതി, ആ ഉത്തരവ് റദ്ദുചെയ്തു.

(ഡി) ഇക്കാര്യം ഗവൺമെന്റിന്റെ പരിഗണനയിലിരിക്കുകയാണ്".

UNSTARRED QUESTIONS AND ANSWERS

പഞ്ചായത്തു് എലക്ഷൻ

45. [378] ശ്രീ. എൻ. കണപതി: കീഴ് കാണും വിരുക്കളുക്കു സ്തല ആട്ചി മന്ത്രിരി അവർകൾ വിടൈ പകർവാർകളാക:

(എ) കേരളത്തിൽ പഞ്ചായത്തു് എലക്ഷൻ എപ്പോഴു് തിട്ടമാക നടത്തപ്പെടും;

(ബി) അതൈ നടത്തുവതിൽ തറ്പോതു് ഉള്ള തടൈകൾ എന്നെന്ന എന്റു വിവരമാകക് കൂറപ്പടുമാ;

(സി) പഞ്ചായത്തു് എലക്ഷൻകൾ നടത്തുവതറ്കു് ആകും ചെലവു് എവ്വളവു് എന്റു കൂറപ്പടുമാ?

Answer

(a) Panchayat Elections will be conducted before 1st August, 1970.

(b) The Panchayat elections were scheduled to be conducted in January 1970 on the basis of the revised Panchayat Electoral rolls published on 15-11-1969. But consequent on the decision of the Election Commission to intensively revise and publish the Assembly Electoral rolls on 15-1-1970, the conduct of Panchayat elections on the basis of the rolls revised and published on 15-11-1969 will be inconsistent with the provisions in Section 15 of the Kerala Panchayats Act. Hence the conduct of the Elections had to be pos poned till copies of the Electoral rolls are made available to the Panchayat Department by the Election Department.

(c) The approximate expenditure for the conduct of a general election to the Panchayats in the State will be about Rs. 12 lakhs.

ലോവർ ഗ്രേഡ് ജീവനക്കാരുടെ നിവേദനം

46 (391) ശ്രീ. ടി. എം. മീതിയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോവർ ഗ്രേഡ് ജീവനക്കാരുടെ അടിയന്തിരാവശ്യങ്ങൾ അടങ്ങുന്ന ഒരു നിവേദനം ഗവൺമെന്റിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൽ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങൾ എന്തെല്ലാം;

(സി) അവയിൻമേൽ ഗവൺമെന്റ് എന്തു തീരുമാനമെടുത്തു;

(ഡി) അവശത അനുഭവിക്കുന്നവരും അൽപ്പശമ്പളക്കാരുമായ ഈ വിഭാഗക്കാരുടെ കാര്യം പ്രത്യേകം പരിഗണിച്ചു വേണ്ട നടപടി കൈക്കൊള്ളുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഡെഫേദാർമാരുടെ തസ്തികകളും കൂടുതലായി സൃഷ്ടിക്കുക, എല്ലാ ടെസ്റ്റുകളും മലയാളത്തിലാക്കുക, നല്ലതരം തുണിയിലുള്ള യൂണിഫാറം നൽകുക, വനിതാശിപായിമാർക്ക് യൂണിഫാറം നൽകുക, ലാസ്റ്റു ഗ്രേഡ് ജീവനക്കാർക്ക് സ്പെഷ്യൽപേയും പാദരക്ഷയും നൽകുക സീനിയാറിറ്റി ലിസ്റ്റു പ്രസിദ്ധപ്പെടുത്തുക, സ്കാവഞ്ചറൻമാർക്ക് സോപ്പും, ടവ്വലും അനുവദിക്കുക മുതലായ ആവശ്യങ്ങളാണ് ഉന്നയിച്ചിരിക്കുന്നത്.

(സി) വനിതാ ശിപായിമാർക്ക് യൂണിഫാറം അനുവദിച്ചുകൊണ്ടും സ്കാവഞ്ചർമാർക്ക് സോപ്പും, ടൗവ്വലും അനുവദിച്ചുകൊണ്ടും ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. മറ്റുള്ള കാര്യങ്ങളും ഗവൺമെൻറിന്റെ പരിഗണനയിലിരിക്കുകയാണ്.

(ഡി) ഉന്നയിക്കപ്പെട്ടിട്ടുള്ള ആവശ്യങ്ങളുടെ എല്ലാ വശങ്ങളും പരിശോധിച്ച് കഴിയുന്നതും വേഗം ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

II ADJOURNMENT MOTION

Unauthorised Utilisation of the Siruvani Waters

മി. സ്പീക്കർ: ശിരുവാണി നദീജലം തമിഴ്നാട് അനിയന്ത്രിതമായി ഉപയോഗിക്കുന്നുവെന്നുപറഞ്ഞ് ബഹുമാനപ്പെട്ട ആർ. കൃഷ്ണൻ (പാലക്കാട്) എം. എൽ. എ. ഒരു അടിയന്തിര പ്രമേയത്തിന് നോട്ടീസ് നൽകിയിരിക്കുന്നു.

വ്യവസായവും തൊഴിലും മന്ത്രി (ശ്രീ. പി. രവീന്ദ്രൻ): സർ, 9 a.m.] ശിരുവാണി അണക്കെട്ടിനെ സംബന്ധിച്ചുള്ള വാർത്ത കിട്ടിയതിനു ശേഷം ഗവൺമെൻറ് അതിനെസംബന്ധിച്ച് കാര്യമായ അന്വേഷണം നടത്തുകയുണ്ടായി. കോയമ്പത്തൂർജില്ലയിൽ 3000-ത്തിൽ പരം ഏക്കർഭൂമി ജലസേചനം നടത്തുന്നതിന് വേണ്ടി 56000-ത്തിലധികം രൂപ ചെലവാക്കി അണക്കെട്ടിന്റെ ഉയരം വർദ്ധിപ്പിക്കുന്നുവെന്നാണ് ഈ റിപ്പോർട്ടിൽ കാണിച്ചിരിക്കുന്നത്. അതുപൊലെതന്നെ കോഴിക്കോട് ഡിസ്ട്രിക്ട് ഗസറീയറിൽ ഇതുസംബന്ധിച്ച ഒരു പരാമർശവും ഉണ്ടായി എന്ന് ഈ റിപ്പോർട്ടിൽ കാണിച്ചിട്ടുണ്ട്. തമിഴ്നാട് ഗവൺമെൻറും കേരളഗവൺമെൻറും തമ്മിൽ ഈ നദീജലം ഉപയോഗിക്കുന്നതിനെ സംബന്ധിച്ചുള്ള കരാറിന്റെ പരസ്യമായ ലംഘനമാണെന്നാണ് ഈ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. ഈ റിപ്പോർട്ട് വായിച്ചാൽ കുറെ ആശങ്ക കേരളത്തിലെ ജനങ്ങൾക്ക് ഉണ്ടാകുമെന്നുള്ള കാര്യത്തിൽ സംശയമില്ല. ഇതു സംബന്ധിച്ച് ഗവൺമെൻറ് ഉടനെതന്നെ അന്വേഷണം നടത്തുകയുണ്ടായി. ഏതെങ്കിലും നടപടി ഇതു സംബന്ധിച്ച് തമിഴ്നാടുഗവൺമെൻറ് ചെയ്തിട്ടുണ്ട് എന്നു കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടില്ല. ഇറിഗേഷൻ സൂപ്രണ്ടിംഗ് ഇഞ്ചിനീയറും അതുപോലെ എക്സിക്യൂട്ടീവ് ഇഞ്ചിനീയറുമെല്ലാം സ്ഥലത്തു പോകുകയും ആവശ്യമായ അന്വേഷണം ഉടനടി നടത്തുകയും ചെയ്തു. പക്ഷേ ഇങ്ങനെ എന്തെങ്കിലും നടപടി അവിടെ സ്വീകരിച്ചതായി കാണുന്നില്ല. എന്നാൽ മദ്രാസിൽ ഡയറക്ടർ ഓഫ് സ്റേഷനറി ആൻഡ് പ്രിൻറിംഗ് പ്രസിദ്ധീകരിച്ചിട്ടുള്ള മദ്രാസ് ഡിസ്ട്രിക്ട് ഗസറീയർ, കോയമ്പത്തൂർ 66 എന്ന പ്രസിദ്ധീകരണത്തിന്റെ 252-ാമത്തെ പേജിൽ ഒരു പ്രത്യേകമായ പരാമർശം കാണുന്നുണ്ട്. അതിൽ ഒരു വാചകമേ ഉള്ളൂ, ആ വാചകം അങ്ങയുടെ അനുവാദത്തോടുകൂടി വായിക്കാം:

LIBRARY ARCHIVES Kerala Legislative Assembly